S-2011
15/11/2021

-6/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ CP.No.795(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 11322/SIC-G7/2018**

ഉത്തരവ് തീയതി: 15.11.2021

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മഹേഷ് വിജയൻ,<br>ആറ്റുവയിൽ ഹൗസ്,<br>എസ്സ്.എച്ച് മൗണ്ട് പി.ഒ,<br>കോട്ടയം – 686 006. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള ഹൈക്കോടതി,<br>എറണാകുളം, കൊച്ചി. | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരനായ ശ്രീ. മഹേഷ് വിജയൻ 03.08.2018 തീയതി സമർപ്പിച്ച അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, ഹൈക്കോടതി വിജിലൻസ് രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിൽ സ്വീകരിക്കുന്ന മേൽ നടപടികൾ/നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ്, ടി പരാതികൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനും ആധാരമാക്കിയ നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പ്, സംസ്ഥാനത്തെ വിവിധ കോടതികളിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അധികാരം വ്യക്തമാക്കുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ എന്നിങ്ങനെയുള്ള ഏതാനും വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് 10.10.2018 തീയതി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 22.07.2021 തീയതി ടെലഫോൺ മുഖാന്തിരം നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി.
3. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും പരിശോധിച്ചതിൽ നിന്നും 03.08.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് പരാതി ഹർജിക്കാരന് വിവരം നൽകിയിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ട്

എന്നറിയിക്കുന്നുണ്ട് എങ്കിലും അത് വിശ്വസനീയമായി തോന്നുന്നില്ല. ടിയാൻ ആവശ്യപ്പെട്ടത് പൊതുവായിട്ടുള്ള വിവരങ്ങളായിരുന്നു എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. യാതൊരു വിവരവും ലഭ്യമായിട്ടില്ല എന്നാണ് പരാതിക്കാരനും കമ്മീഷനെ അറിയിച്ചത്.

4. പരാതിഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ 03.08.2018 ലെ വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ലഭ്യമാക്കാവുന്ന വിവരങ്ങൾ/പകർപ്പുകൾ എന്നിവ സൗജന്യമായി ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ പരാതിഹർജിക്കാരന് നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

5. പരാതി ഹർജിക്കാരന്റെ 03.08.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകാതിരുന്ന എസ്.പി.ഐ.ഒയുടെ നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതര വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 15 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

RIGHT TO INFORMATI

gs